# അദ്ധ്യായം - 48



*ഭക്തന്മാരുടെ ദുരിതങ്ങൾ ഒഴിവാക്കൽ ശിവഡേയുടെയും സപ ട്നെക്കറുടെയും കഥകൾ*

*ഈ അദ്ധ്യായം തുടങ്ങുമ്പോൾ ആരോ ഹേമദ്പാന്തി നോട് സായിബാബ ഗുരുവോ സദ്ഗുരുവോ എന്നു ചോദിച്ചു അതിനുത്തരമായി സദ്ഗുരുവിന്റെ ലക്ഷണത്തെപറ്റി ഹേമദ് പാന്ത് പറയുന്നു.*

**സദ്ഗുരുവിന്റെ ലക്ഷണങ്ങൾ**

നമ്മെ വേദങ്ങളും വേദാന്തങ്ങളും ആറുശാസ്ത്രങ്ങൾ പഠിപ്പിക്കുകയും, പ്രാണായാമം ചെയ്തും, ദേഹങ്ങളിൽ വിഷ്ണു മുദ്ര (ലോഹം പഴുപ്പിച്ച് വെച്ച്) ഉണ്ടാക്കുകയും, ബ്രഹ്മനെപറ്റി മധുരപ്രഭാഷണങ്ങൾ നടത്തുകയും, ശിഷ്യന്മാർക്ക് മന്ത്രോപ ദേശം ചെയ്ത് ഒരു പ്രത്യേക സംഖ്യവരെ ഉരുക്കഴിക്കാൻ നിർദ്ദേ ശിക്കുകയും, അതേ സമയം അത്രയും ഉരുക്കഴിച്ചാലുള്ള ഫല ത്തെപ്പറ്റി യാതൊരുറപ്പും കൊടുക്കാതിരിക്കുകയും, സമർത്ഥമായ





വാക്കുകൾകൊണ്ട് സുന്ദരമായ രൂപത്തിൽ പരമാത്മ തത്വത്തെ വർണ്ണിക്കുകയും അതേസമയം സ്വന്തമായ അനുഭവങ്ങളോ ബ്രഹ്മജ്ഞാനമോ ഇല്ലാതിരിക്കുകയും ചെയ്യുന്ന ആൾ സദ്ഗുരു അല്ല. യാതൊരുവൻ തന്റെ പ്രഭാഷണംകൊണ്ട് നമ്മിൽ ഇഹത്തിലും പരത്തിലുമുള്ള ഭോഗ്യങ്ങളിൽ അനാസക്തി വളർത്തുകയും, നമുക്ക് ബ്രഹ്മജ്ഞാനം സമ്പാദിക്കുന്നതിൽ താല്പര്യമുണ്ടാക്കിതരികയും പ്രായോഗികമായും സൈദ്ധാന്തികമായും തന്നത്താൻ അനുഭവസമ്പന്നനായിരിക്കുകയും ചെയ്യുന്നുവോ അദ്ദേഹം സദ്ഗുരു എന്ന സ്ഥാനത്തിനർഹനാണ്. സ്വന്തമായി ബ്രഹ്മജ്ഞാനമില്ലാത്തവൻ എങ്ങനെ അത് ശിഷ്യന് നൽകും? സദ്ഗുരു സ്വപ്നേപി ശിഷ്യനിൽനിന്നും യാതൊരു സേവനമോ ലാഭമോ പ്രതീക്ഷിക്കുന്നില്ല. അദ്ദേഹം താൻ മഹാനും ശിഷ്യൻ എളിയവനുമാണെന്ന് കരുതുന്നില്ല. ശിഷ്യനെ പുത്രനിർവിശേഷം കരുതി, തനിക്കു തുല്യനും ബ്രഹ്മവുമാണെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. സദ്ഗരുരുവിന്റെ പ്രധാന ലക്ഷണം അദ്ദേഹം ശാന്തിയുടെ ആവാസകേന്ദ്രമായിരിക്കുമെന്നാണ്. അദ്ദേഹം ഒരിക്കലും വിശ്രമഹീനമായോ പരിഭ്രാന്തിയോടെയോ പെരുമാറുകയില്ല. സ്വന്തം പാണ്ഡിത്യത്തിൽ ഗർവ്വുമില്ല. ദരിദ്രനും ധനികനും എളിയവനും മഹാനും എല്ലാം അദ്ദേഹത്തിന് ഒരേപോലെയാണ്.

ഹേമദ്പാന്ത് കരുതുന്നത്, മുൻജന്മസുകൃതങ്ങളെക്കൊണ്ടാണ് തനിക്ക് ഇത്രയും മഹാത്മാവായ ഒരു സദ്ഗുരുവായ സായിബാബയെ കണ്ടുമുട്ടാനും അനുഗ്രഹം വാങ്ങാനും കഴിഞ്ഞതെന്നാണ്. പൂർണ്ണ യൗവനത്തിൽപോലും ബാബ (ചിലിം അല്ലാതെ) യാതൊന്നും സമ്പാദിക്കാൻ നോക്കിയില്ല. ബാബക്ക്

കുടുംബമോ, സുഹൃത്തോ, വീടോ, മറ്റാലംബമോ ഇല്ല. പതിനെട്ടുവയസ്സിൽ തന്നെ ബാബയുടെ മനോനിയന്ത്രണം അനിതരസാധാരണവും പരിപൂർണ്ണവുമായിരുന്നു. അന്നും നിർഭയനായി വിജനസ്ഥലത്തിരുന്ന് ആത്മനിൽ ധ്യാനനിരതനായിരിക്കുമായിരുന്നു. ഭക്തന്മാരുടെ പരിശുദ്ധ സ്നേഹത്തിൽ തല്പരനായി അവരുടെ ഗുണത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നതിനാൽ ഒരു അളവോളം ബാബ ഭക്തന്മാരെ ആശ്രയിച്ചിരുന്നുവെന്നു പറയാം. ബാബ ജീവിച്ചിരിക്കുമ്പോഴും മഹാസമാധിക്കുശേഷവും മഹാനുഭവങ്ങൾ വർണ്ണനാതീതങ്ങളാണ്. ഭക്തന്മാർ ചെയ്യേണ്ടത് ഇത്രമാത്രമാണ്. അവർ വിശ്വാസവും ഭക്തിയും സമ്മിളിതമായ ഹൃദയദീപത്തിന്റെ തിരിനീട്ടികൊടുക്കുവാൻ തയ്യാറായി. അതിൽ പ്രേമത്തിന്റെ കൈത്തിരി കത്തിച്ചുവെച്ചാൽ, വിജ്ഞാനത്തിന്റെ ദീപശിഖ, ശോഭയോടുകൂടി വെട്ടിത്തിളങ്ങും. പ്രേമശൂന്യമായ പാണ്ഡിത്യം വരേണ്ടതാണ്. ആർക്കും അത്തരം പാണ്ഡിത്യം ആവശ്യമില്ല. പ്രേമശൂന്യതയിൽ സംതൃപ്തിയില്ല. അതുകൊണ്ട് നമുക്ക് അവിഛിന്നവും സീമാതീതവുമായ പ്രേമമാണ് വേണ്ടത്. ഈ പ്രേമത്തെ എങ്ങനെ വർണ്ണിക്കാൻ കഴിയും? മറ്റെന്തും അതിനുമുന്നിൽ നിഷ്പ്രഭങ്ങളാണ്. പ്രേമരഹിതമായി ചെയ്യുന്ന വായനയും ശ്രവണവും പഠനവുമെല്ലാം നിഷ്പ്രയോജനമാണ്. പ്രേമം ഉണർന്നാൽ ഭക്തിയും, നിസ്സംഗഭാവവും, സമാധാനവും മുക്തിയും അവയുടെ എല്ലാ സമ്പന്നതകളോടും ശക്തിയോടും കൂടി തന്നെ എത്തിച്ചേരുന്നു. നാം ആത്മാർത്ഥമായി പരിശ്രമിക്കാതെ ഈ ശുദ്ധപ്രേമം കൈവരുന്നതല്ല. എവിടെ ശുദ്ധമായ ആഗ്രഹവും അനുഭൂതിയുമുണ്ടോ അവിടെ ദൈവം പ്രത്യക്ഷപ്പെടുന്നു. അതിൽ പ്രേമവും ഉൾക്കൊണ്ട് അത് മോക്ഷമാർഗ്ഗമായിത്തീരുന്നു.

ഇനി നമുക്ക് ഈ അദ്ധ്യായത്തിലെ പ്രധാന കഥയിലേക്ക് മടങ്ങാം. ഏതെങ്കിലും ഒരാൾ പരിശുദ്ധമനസ്സാലെയോ അല്ലാതെയോ ഒരു ഋഷിയുടെ അടുക്കൽപോയി പാദങ്ങളിൽ നമസ്കരിച്ചാൽ അവസാനം അയാൾ രക്ഷപ്പെടുമെന്നുറപ്പാണ്. അത് താഴെ കാണുന്ന കഥകൊണ്ട് ഉദാഹരിക്കപ്പെടുന്നു.

**മിസ്റ്റർ ശിവഡേ**

അക്കൽകോട്ടുകാരനായ സപട്നേക്കർ, നിയമം പഠിക്കുകയായിരുന്നു ഒരു സതീർത്ഥ്യനായ ശിവഡെ അയാളെ കണ്ടു. മറ്റു സതീർത്ഥ്യന്മാരും അവരോടൊപ്പം ചേർന്ന് പരീക്ഷക്കുള്ള വിഷയങ്ങളെപറ്റി ചർച്ചചെയ്തു അങ്ങനെ സംസാരിച്ചതിൽ ശിവഡെ ഒന്നും കാര്യമായി പഠിച്ചിട്ടില്ലെന്ന് കണ്ട് എല്ലാവരും അയാളെ പരിഹസിച്ചു. അയാളതിന് താൻ പഠിച്ചിട്ടില്ലെങ്കിലും സായിബാബ തന്നെ സഹായിക്കുമെന്നും പരീക്ഷയിൽ താൻ ജയിക്കുമെന്നും തീർത്തുപറഞ്ഞു. സപട്നേക്കർ ഇത് കേട്ട് അതിശയിച്ചു. അയാൾ ശിവഡെയെ വിളിച്ച്, അയാൾ ഇത്ര കാര്യമായി പറയുന്ന സായിബാബ ആരാണെന്ന് ചോദിച്ചു. അയാളതിന് "ഷിർദ്ദിയിലെ ഒരു മസ്ജിദ്ദിൽ ഒരു ഫക്കീർ താമസിക്കുന്നുണ്ട്. ഫക്കീർ ഒരു മഹാ സൽപുരുഷനാണ്. മറ്റു പല ഋഷിമാരുമുണ്ടായിരിക്കാം. ഫക്കീർ അദ്വിതീയനാണ്. അത്യധികം പൂർവ്വജന്മസുകൃതമുള്ളവർക്കെ ഫക്കീറിനെ കാണാൻ തന്നെ പറ്റുകയുള്ളൂ. ഞാൻ ഫക്കീറിൽ പൂർണ്ണമായി വിശ്വസിക്കുന്നു. ഫക്കീർ പറഞ്ഞാൽ വെറുതെയാവില്ല. ഫക്കീർ തീർത്തു പറഞ്ഞിട്ടുണ്ട് ഞാൻ അടുത്തവർഷം ജയിക്കുമെന്ന്. അവസാന പരീക്ഷയിൽ ഫക്കീറിന്റെ അനുഗ്രഹംകൊണ്ട് ഞാൻ ജയിക്കും" സപട്നേക്കർ സുഹൃത്തിന്റെ വിശ്വാസം കണ്ട് പുച്ഛിച്ച് അയാളെയും സായിബാബയെയും കളിയാക്കി ചിരിച്ചു.





**സപട്നേക്കറും കുടുംബവും**

സപട്നേക്കർ പരീക്ഷയിൽ ജയിച്ച് അക്കൽകോട്ടിൽ വക്കീലായി പ്രാക്ടീസ് തുടങ്ങി. ഇതിന് 10 കൊല്ലങ്ങൾക്കു ശേഷം 1913-ൽ അയാളുടെ ഏകപുത്രൻ തൊണ്ടരോഗത്തിൽ മരിച്ചു. അയാൾക്കത് വളരെയധികം ഹൃദയത്തിൽകൊണ്ടു. സമാധാനത്തിനുവേണ്ടി പന്ധർപൂർ, ഗംഗാപൂർ മുതലായ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര പോയി. മനശ്ശാന്തി എന്നിട്ടും കിട്ടിയില്ല. പിന്നീട് വേദാന്തം പഠിച്ചു. എന്നിട്ടും ഗുണമുണ്ടായില്ല. അപ്പോൾ ശിവഡെയുടെ വാക്കുകളും അയാളുടെ ബാബയിലുള്ള വിശ്വാസവും ഓർമ്മയിൽ വന്ന് തനിക്കും ഷിർദ്ദിയിൽപോയി ബാബയെ കാണണമെന്ന് ആഗ്രഹം ജനിച്ചു. അയാൾ അനുജൻ പണ്ഡിറ്റ് റാവുവിനേയും കൂട്ടി ഷിർദ്ദിയിൽപോയി ബാബയെ ദൂരെവെച്ച് കണ്ടിട്ടുതന്നെ വളരെ സന്തുഷ്ടനായി. അയാൾ അടുത്തുചെന്ന് ഭക്തിയോടുകൂടി നമസ്കരിച്ച് ഒരു നാളികേരം കാണിക്കവെച്ചപ്പോൾ ബാബ “കടന്നുപോ” എന്നലറി. സപട്നേക്കർ തല താഴ്ത്തി അവിടുന്ന് മാറി ഒരിടത്തിരുന്നു. അയാൾക്ക് ഇനി എന്തു ചെയ്യണമെന്ന് ആരോടെങ്കിലും ചോദിക്കണമെന്നുണ്ടായിരുന്നു. ആരോ ബാലഷിംപിയെ കാണാൻ പറഞ്ഞു. സപ്ടനേക്കർ അയാളെകണ്ട് സഹായം അപേക്ഷിച്ചു. അവർ ബാബയുടെ പടങ്ങൾ വാങ്ങി അവയുമായി മസ്ജിദ്ദിൽ വന്നു. ബാലഷിംപി അതിൽ ഒരു ഫോട്ടോ എടുത്ത് ബാബക്ക് കൊടുത്ത് അതാരുടെ ഫോട്ടോ ആണെന്ന് ചോദിച്ചു. ബാബ ആ ഫോട്ടോ അയാളുടെ ജാരന്റേതാണെന്ന് പറഞ്ഞ് സപട്നേക്കറെ ചൂണ്ടിക്കാട്ടി. ബാലഷിംപി, ബാബയോട് ചിരിച്ചതിന്റെ ഉദ്ദേശം എന്തെന്ന് ചോദിച്ച് സപട്നേക്കറെ അടുക്കൽ വിളിച്ച് ദർശനം ചെയ്യാൻ കാണിച്ചു. സപട്നേക്കർ നമസ്കരിക്കാൻ തുട

ങ്ങുമ്പോൾ ബാബ വീണ്ടും “കടന്നുപോ” എന്നലറി. സപട്നേക്കർക്ക് എന്തുചെയ്യണമെന്നറിയാതെയായി. പിന്നീടവർ രണ്ടുപേരും കൈകൂപ്പി ബാബയുടെ മുന്നിലിരുന്നു പ്രാർത്ഥിക്കാൻ തുടങ്ങി. ബാബ അവസാനമായി, സപട്നേക്കറോട് ഉടനെ കടന്നുപോവാനായി തീർത്തു പറഞ്ഞു. രണ്ടുപേരും ദുഃഖിതരും നിരാശരുമായി. ബാബയുടെ കല്പന അടുത്ത പ്രാവശ്യമെങ്കിലും ദർശനം കിട്ടാൻ അനുവാദം തരട്ടെ എന്നു പ്രാർത്ഥിച്ച് ഷിർദ്ദിവിട്ടു.

**മിസിസ്സ് സപട്നേക്കർ**

ഒരു കൊല്ലം കഴിഞ്ഞു എന്നിട്ടും അയാൾക്കു മനശ്ശാന്തിയുണ്ടായില്ല. അയാൾ ഗംഗാപൂരിൽപോയി. അവിടെവെച്ചു കൂടുതൽ മനസ്സമാധാനമില്ലാതായി. പിന്നീട് മാനിഗാവോണിൽ വിശ്രമത്തിനുപോയി. അവിടെനിന്ന് കാശിക്കുപോയി. പോവുന്നതിന് രണ്ടു ദിവസങ്ങൾക്ക് മുമ്പ് അയാളുടെ ഭാര്യക്ക് ഒരു ദർശനമുണ്ടായി. സ്വപ്നത്തിൽ, അവർ ഒരു കുടവുമായി ലക്കഡ്ഷായുടെ കിണറിനടുക്കലേക്കു പോവുകയായിരുന്നു. അവിടെ ഒരു വേപ്പുമരച്ചുവട്ടിൽ ഇരിക്കുന്ന, തലയിൽ ഒരു തുണികെട്ടിയ ഫക്കീർ അവരുടെ അടുക്കൽ വന്നു പറഞ്ഞു. എന്റെ പ്രിയപ്പെട്ട മോളെ ! എന്തിനാ വെറുതെ ക്ഷീണിക്കുന്നത്? ഞാൻ നിന്റെ പാത്രത്തിൽ ശുദ്ധജലം നിറച്ചുതാരം” അവർ ഫക്കീറിനെ പേടിച്ച് കാലിപ്പാത്രവുമായി മടങ്ങിപ്പോന്നു. ഫക്കീർ പിന്നാലെ വന്നു. അപ്പോഴേക്കും ഉണർന്ന് കണ്ണ് തുറന്നു. അവർ ഈ ദർശനത്തെ പറ്റി ഭർത്താവിനോട് പറഞ്ഞു. ഇതൊരു ശുഭസൂചനയായിക്കരുതി, അവർ രണ്ടുപേരും ഷിർദ്ദിയിലേക്കു പുറപ്പെട്ടു. അവർ മസ്ജിദിൽ വന്നപ്പോൾ ബാബയില്ലായിരുന്നു. ബാബ ലെണ്ടി

തോട്ടത്തിലേക്കു പോയിരുന്നു. ബാബ വരുന്നതുവരെ കാത്തു നിന്നു. ബാബ വന്നപ്പോൾ തന്റെ സ്വപ്നത്തിൽ കണ്ട ഫക്കീർ തന്നെയാണ് ബാബ എന്ന് കണ്ട്, മിസ്സിസ്സ് സപട്നേക്കർ വിസ്മ യിച്ചു. അവർ ബഹു മാനത്തോടെ ബാബയെ നമസ്കരിച്ച് കാൽക്കൽ ഇരുന്നു. അവരുടെ ഭക്തിവിനയങ്ങൾ കണ്ട് ബാബ സന്തുഷ്ടനായി പ്രത്യേകതരത്തിൽ മറ്റൊരാളോടായി ഒരു കഥ പറഞ്ഞു. "എന്റെ കൈകളും വയറും അരക്കെട്ടും വളരെ കാല മായി വേദനിക്കുന്നു. ഞാൻ പല മരുന്നുകൾ കഴിച്ചിട്ടും വേദന മാറിയില്ല. ഒരു ഗുണവും കിട്ടാഞ്ഞിട്ട് എനിക്ക് മരുന്നുകൾ മടു ത്തു. പക്ഷെ ഇപ്പോൾ എല്ലാ വേദനയും പെട്ടെന്ന് മാറിയതി നാൽ ഞാൻ വിസ്മയിക്കുകയാണ്". പേരൊന്നും പറഞ്ഞില്ലെ ങ്കിലും അത് മിസ്സിസ്സ് സപട്നേക്കറുടെ കഥയാണ്. അവരുടെ എല്ലാ വേദനകളും ഉടനെ മാറി, അവർ സന്തുഷ്ടയായി. പിന്നീട് സപ്ട്നേക്കർ ദർശനത്തിനായി ചെന്നു. ബാബ മുമ്പത്തെപോ ലെതന്നെ "കടന്നുപോ" എന്നു പറഞ്ഞു. ഇപ്രാവശ്യം അയാൾ കൂടുതൽ ശാന്തനും ഉത്സാഹിയുമായിരുന്നു. തന്റെ പൂർവ്വകർമ്മ ഫലമായാണ് ബാബ അങ്ങനെ പറയുന്നതെന്നും താൻ അതിന് പ്രതിവിധി ചെയ്യുമെന്നും അയാൾ പറഞ്ഞു. അയാൾ ബാബയെ ഒറ്റക്കുകണ്ട് പൂർവ്വകർമ്മങ്ങൾക്കു മാപ്പു ചോദിക്കാൻ നിശ്ചയി ച്ചു. അങ്ങനെ അയാൾ ചെയ്തു. അയാൾ ശിരസ്സ് ബാബയുടെ പാദങ്ങളിൽവെച്ചപ്പോൾ ബാബ തലയിൽ കൈവെച്ച് അനുഗ്ര ഹിച്ചു. അയാൾ ബാബയുടെ കാലുകൾ തലോടികൊണ്ടിരുന്നു. അപ്പോൾ ഒരു ഇടയപ്പെൺ വന്നു ബാബയുടെ അരക്കെട്ട് തലോ ടിക്കൊണ്ടിരുന്നു. ബാബ തന്റെ സ്വാഭാവികമായ രീതിയിൽ ഒരു ബനിയയുടെ കഥ പറയാൻ തുടങ്ങി. അയാളുടെ ജീവിതത്തിലെ പല കാര്യങ്ങളും പറഞ്ഞതിൽ അയാളുടെ ഏകപുത്രൻ മരിച്ചു

വെന്നും പറഞ്ഞു. സപട്നേക്കർ ബാബ പറയുന്നത് തന്റെ കഥ യാണെന്നും ബാബ അവ എങ്ങനെ അറിഞ്ഞുവെന്നും കരുതി വിസ്മയപ്പെട്ടു. ബാബ സർവ്വാന്തർയ്യാമിയും എല്ലാവരുടെയും ഹൃദയത്തിലുള്ളത് അറിയുന്ന ദേഹവുമാണെന്നയാൾക്ക് ബോദ്ധ്യമായി. ഈ വിചാരം മനസ്സിലുദിച്ച ഉടനെ ബാബ ഇടയ പ്പെണ്ണിനോടായി സപട്നേക്കറെ ചൂണ്ടികൊണ്ട് ഇങ്ങനെ പറഞ്ഞു: "ഇവൻ ഞാനാണ് അവന്റെ മകനെ കൊന്നതെന്ന് എന്നെ കുറ്റപ്പെടുത്തുന്നു. ഞാൻ ജനങ്ങളുടെ കുട്ടികളെ കൊല്ല ലുണ്ടോ? ഇവനെന്തിനാണ് മസ്ജിദ്ദിൽ വന്നു കരയുന്നത് ? ഞാൻ ഒരു കാര്യം ചെയ്യാം. ഞാൻ അതേ മകനെതന്നെ അവന്റെ ഭാര്യ യുടെ ഗർഭപാത്രത്തിലേക്ക് വീണ്ടും കൊണ്ടുവരാം ഇതും പറഞ്ഞ് അയാളുടെ തലയിൽ കൈവെച്ചു അനുഗ്രഹിച്ചു പറ ഞ്ഞു. "ഈ പാദങ്ങൾ പ്രാചീനങ്ങളും പുണ്യങ്ങളുമാണ്. നിന ക്കിനി ഒന്നും ഭയപ്പെടാനില്ല. എന്നിൽ എല്ലാ വിശ്വാസവും അർപ്പി ക്കുക നിന്റെ കാര്യം സാധിക്കും" സപട്നേക്കർ വികാരവിജ്യംഭിതനായി ബാബയുടെ പാദങ്ങൾ കണ്ണീർകൊണ്ട് കഴുകി മന സ്സമാധാനത്തോടെ താമസസ്ഥലത്തേക്ക് മടങ്ങി.

പിന്നീടയാൾ പൂജക്കും നൈവേദ്യത്തിനും ഒരുക്കി ഭാര്യ യോടുകൂടി മസ്ജിദ്ദിലേക്കു വന്നു. നിത്യവും ബാബയെ പൂജിച്ച് ബാബയോട് പ്രസാദം വാങ്ങും. മസ്ജിദ്ദിൽ ആൾക്കൂട്ടമുണ്ടായി രുന്നു. സപട്നേക്കർ, മസ്ജിദ്ദിൽപോയി ബാബയെ വീണ്ടും വീണ്ടും വണങ്ങും. തലകൾ തമ്മിൽ കൂട്ടിമുട്ടുന്നത് ബാബ, സപ ട്നേക്കറോട് പറഞ്ഞു: "എന്തിനാണ് നീ എപ്പോഴും വന്ന് നമ സ്ക്കരിക്കുന്നത്. ഭക്തിയോടും സ്നേഹത്തോടും കൂടി ചെയ്യുന്ന ഒരു നമസ്കാരം മതിയല്ലോ". അന്നു രാത്രി സപട്നേക്കർ ചാവടി എഴുന്നള്ളത്ത് കണ്ടു. ആ എഴുന്നള്ളത്തിൽ ബാബ പാണ്ഡുര

ങനെപ്പോലെയായിരുന്നു.

പിറ്റേന്നു പോവാൻ സമയത്ത് സപട്നേക്കർ ഒരുറുപ്പിക കൂടി കൊടുക്കാനും മടക്കയാത്രക്ക് വേണ്ടത് കരുതാനും തീരുമാനിച്ചു. മസ്ജിദിൽ പോയി 1 ക. ദക്ഷിണ കൊടുത്തപ്പോൾ അയാൾ ഉദ്ദേശിച്ചപോലെ ബാബ ഒരുറുപ്പികകൂടി ദക്ഷിണ ചോദിച്ചുവാങ്ങി. അയാളെ അനുഗ്രഹിച്ചു പറഞ്ഞു "ഈ നാളികേരം എടുത്തോളൂ, അത് ഭാര്യയുടെ മടിയിൽ വെക്കണം മനസ്സമാധാനത്തോടുകൂടിയും നിർഭയരായും പൊയ്ക്കോളിൻ". അയാൾ അങ്ങനെ പ്രവൃത്തിച്ചു. ഒരു കൊല്ലത്തിനകം അവർക്ക് ഒരു മകൻ ജനിച്ചു. അവന് എട്ടുമാസം പ്രായമുള്ളപ്പോൾ മകനെയുംകൊണ്ട് വീണ്ടും ഷിർദ്ദിയിൽ വന്ന് കുട്ടിയെ ബാബയുടെ പാദങ്ങളിൽവെച്ച് ഇപ്രകാരം പ്രാർത്ഥിച്ചു. "സായിനാഥാ ! ഞങ്ങൾക്കെങ്ങനെയാണ് അവിടുത്തോടുള്ള കടപ്പാട് തീർക്കേണ്ടതെന്നോ നന്ദി പറയേണ്ടതെന്നോ അറിയില്ല. അതുകൊണ്ട് ഞങ്ങൾ അവിടുത്തെ മുന്നിൽ പ്രണാമം ചെയ്യുക മാത്രം ചെയ്യുന്നു. സാധുക്കളും നിസ്സാഹായരുമായ ഞങ്ങളെ അനുഗ്രഹിച്ചാലും. അവിടുത്തെ പുണ്യങ്ങളായ പാദങ്ങൾ മാത്രമാണ് ഞങ്ങളുടെ അഭയസ്ഥാനം. പല ചിന്തകളും ഞങ്ങളെ ജാഗ്രത്തിലും സ്വപ്നത്തിലും അലട്ടുന്നു. ഞങ്ങളുടെ മനസ്സിനെ അവയിൽനിന്നും വേർപെടുത്തി അങ്ങയുടെ ഭജനയിൽ വ്യാപൃതമാക്കി ഞങ്ങളെ അനുഗ്രഹിച്ചാലും".

മകന് മുരളീധർ എന്നു പേരിട്ടു. പിന്നീട് രണ്ടുപേരും കൂടി (ഭാസ്കറും ദിനകറും) പിറന്നു. സപട്നേക്കർ ദമ്പതിമാർക്ക് ബാബയുടെ വാക്കുകൾ ഒരിക്കലും വെറുതെയാവില്ലെന്ന് ബോദ്ധ്യപ്പെട്ടു.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !